"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2021 ലെ ആറ്റുകാൽ പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.427/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 14/02/2021

പരാമർശം:- തിരുവനന്തപുരം ജില്ലാ കളക്ടറുടെ 04.01.2021 തീയതിയിലെ ഡി.സി.റ്റി.വി.എം.477/2021-എസ്.9 നമ്പർ കത്ത്

**ഉത്തരവ്**

2021 ലെ ആറ്റുകാൽ പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ മുഖേന നിർവ്വഹിക്കേണ്ട ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരമുള്ള പ്രവൃത്തികൾക്ക് ₹26,01,000/- രൂപയുടെ എസ്റ്റിമേറ്റ്, ഭരണാനുമതി അഭ്യർത്ഥിച്ചുകൊണ്ട് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശ കത്ത് മുഖേന സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

| ക്രമ നം. | നിർവ്വഹണ ഏജൻസി | അടങ്കൽ തുക |
|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി (പി.എച്ച്.) ഡിവിഷൻ | 13,83,000/- |
| 2 | എക്സിക്യൂട്ടീവ് എഞ്ചിനീയർ മേജർ ഇറിഗേഷൻ | 4,00,000/- |
| 3 | എക്സിക്യൂട്ടീവ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ | 8,18,000/- |
| | **ആകെ** | 26,01,000/- |

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021 ലെ ആറ്റുകാൽ പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ മുഖേന നിർവ്വഹിക്കേണ്ട മേൽ പട്ടികപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികൾക്ക്, ജില്ലാ കളക്ടർ ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം മേല്പറഞ്ഞിരിക്കുന്ന രീതിയിൽ ₹26,01,000/- (ഇരുപത്തിയാറു ലക്ഷത്തി ആയിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഇതിനാവശ്യമായ തുക 2217-01-800-94(പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

ജില്ലാ കളക്ടർ, തിരുവനന്തപുരം.

നഗരകാര്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ, തിരുവനന്തപുരം

സെക്രട്ടറി, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ

സബ്ട്രഷറി ഓഫീസർ, സബ് ട്രഷറി, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ഇ&ആർഎസ്എ/ജി&എസ്എസ്എ), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറ്കടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ